<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3964</u> <u>15-07-2022 - ൽ മറുപടിയ്ക്ക്</u>

<u>ഓഫീസുകളുടെയും ഗോഡൗണുകളുടെയും ഒരുമിച്ചുള്ള നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ ഭദ്രത നിയമം അനുസരിച്ച് ഓഫീസുകളും ഗോഡൗണും ഒരുമിച്ച് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുള്ള കേന്ദ്ര-സംസ്ഥാന സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രത നിയമം,2013 അനുസരിച്ചുള്ള പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി എല്ലാ താലൂക്കിലും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ ഉടമസ്ഥതയിൽ എൻ.എഫ്.എസ്.എ ഗോഡൗണുകൾ നിർമ്മിക്കുന്നതിനും, സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താലൂക്ക് സപ്ലൈ ആഫീസുകൾക്കായി എൻ.എഫ്.എസ്.എ ഗോഡൗണിനോടൊപ്പം തന്നെ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു. ആയതിന്റെ ഭാഗമായി നിലവിൽ 20 താലൂക്കുകളിൽ സ്ഥലം കണ്ടെത്തുകയും (ഏറ്റവും കുറഞ്ഞത് 50 സെന്റ്) ആയത് വകുപ്പിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്.<br><br>കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ സ്വകാര്യ വ്യക്തി പൊതുവിതരണ ഉപഭോക്തൃ കാര്യ വകുപ്പിന് സൗജന്യമായി നൽകിയ ഭൂമിയിൽ (50 സെന്റ്) എൻ.എഫ്. എസ്.എ ഗോഡൗൺ നിർമ്മാണത്തിനുള്ള തറക്കല്ലിടൽ നിർവഹിച്ചിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം പദ്ധതി ഇനത്തിൽ 16.57 കോടി രൂപ എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മാണത്തിനായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഒരു ഗോഡൗൺ നിർമ്മിക്കുന്നതിനായി 5 കോടി രൂപ ചെലവ് വരുമെന്നാണ് വകുപ്പ് കണക്കാക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 20 ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള തുകയായ 100 കോടി രൂപ അനുവദിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട്കൊണ്ട് കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. |
| (ബി) | കൊണ്ടോട്ടി താലൂക്കിൽ ഇത്തരം ഒരു കേന്ദ്രത്തിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം | (ബി) | കൊണ്ടോട്ടി താലൂക്കിലെ എൻ.എഫ്.എസ്.എ ഗോഡൗണിന്റെയും, താലൂക്ക് സപ്ലൈ |

| | | | |
|---|---|---|---|
| | ലഭ്യമാക്കാമോ? | | ആഫീസിന്റെയും നിർമ്മാണത്തിനായി കാക്കഞ്ചേരി കിൻഫ്രാ പാർക്ക്, കാലിക്കറ്റ് യൂണിവേഴ്സിറ്റി വക സ്ഥലം, കൂടാതെ 02 സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം എന്നിവ കണ്ടെത്തിയിട്ടുള്ളതും ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ